# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.457

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി മുഖേന തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ പ്രവൃത്തി

| ചോദ്യം<br>ശ്രീ. എം. സ്വരാജ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന തൃപ്പൂണിത്തുറ ഗവണ്മെന്റ് സംസ്കൃത കോളേജിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്; വിശദാംശം നൽകുമോ; | തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ അക്കാഡമിക് ബ്ലോക്ക്, കാന്റീൻ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കു 5.77 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കിഫ്ബിയുടെ അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക് നോളജി ഫോർ എഡ്യുക്കേഷൻ (KITE) ആണ്. പദ്ധതി നിർവ്വഹണ ഏജൻസിയും കരാറുകാരും തമ്മിലുള്ള ഉടമ്പടിയിൽ പദ്ധതി കാലയളവ് നിഷ്കർഷിക്കുന്നുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ട് എന്നത് പദ്ധതി നിർവ്വഹണ ഏജൻസി വിലയിരുത്തുന്ന വസ്തുതയാണ്. അതോടൊപ്പം കിഫ്ബി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ ബന്ധപ്പെട്ട വകുപ്പ്, പദ്ധതി നിർവ്വഹണ ഏജൻസി എന്നിവരുടെ അവലോകന യോഗങ്ങളും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ